ശ്രീ. ഇ. പി. പൗലോസ്: ഇതിന്റെ പ്രയോറിട്ടി നിശ്ചയിക്കുമ്പോൾ പഞ്ചായത്തിൽകൂടി വർക്കുകൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുവിധത്തിൽ നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. എം. ജോർജ്: ഈ വർക്കുകളുടെ മെയിന്റനൻസ്, പുതിയ വർക്കെന്ന നിലയിൽ സെസ്സ് ഈടാക്കാനുള്ള സൗകര്യം ഉണ്ടാക്കിയാലേ ചെയ്യുകയുള്ള എന്നു പറഞ്ഞു പഴയ വർക്കുകൾ നന്നാക്കുന്നില്ല. ഈ കാര്യത്തിനു നിയമത്തിൽ വേണ്ട വ്യത്യാസംവരുത്താൻ നടപടിയെടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ്: കരം പിരിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല പഞ്ചായത്തുകളെ ഏൽപ്പിച്ചു കഴിഞ്ഞാൽ ഈ സ്ഥിതിക്കു കുറെ വ്യത്യാസം വരും. ഇപ്പോൾ നിലവിലിരിക്കുന്ന സംപ്രദായം അനുസരിച്ചു സെസ്സ് ഈടാക്കികഴിഞ്ഞു നാശമായിപ്പോയാൽ പുതിയ വർക്കായി ചെയ്യേണ്ടിവരും.

ഇലക്ട്രിസിറ്റി

* 493. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിക്കപ്പെടുന്നുണ്ടു; ഇവിടത്തെ സാധാരണ ആവശ്യത്തിനു എത്രമാത്രം ഇലക്ട്രിസിറ്റി ആവശ്യമുണ്ടു;

(ബി) ഇലക്ട്രിസിറ്റി കുറവു നികത്തുന്നതിനു ഗവണ്മെന്റു അടുത്ത കാലത്തു സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാം;

(സി) 1965-ൽ ഈ കാര്യത്തിൽ സംസ്ഥാനത്തു സ്വയംപര്യാപ്തത കൈവരുത്താൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) സംസ്ഥാനത്തു ജൂൺ മുതൽ ഡിസംബർവരെ പ്രതിദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ടു. വേനൽക്കാലത്തു ഇതു 18 ലക്ഷം യൂണിറ്റു മുതൽ 19 ലക്ഷം യൂണിയറ്റുവരെയായി കുറഞ്ഞു പോകുന്നു. സാധാരണഗതിയിൽ ഇവിടെ അനുദിനം 26 ലക്ഷം യൂണിറ്റു വിദ്യുച്ഛക്തിയാണു ആവശ്യമുള്ളതു.

(ബി) (1) സംസ്ഥാനത്തിനു വെളിയിൽനിന്നും ലഭിക്കാവുന്നിടത്തോളം വിദ്യുച്ഛക്തി നമ്മുടെ ആവശ്യത്തിനു ലഭ്യമാക്കുക.

(2) ജലവൈദ്യുതപദ്ധതികളുടെ ജോലി കഴിയുന്നതും വേഗം പൂർത്തിയാക്കുവാൻ നടപടികളെടുക്കുക, ഇവയാണു.

(സി) 1966-ൽ ശബരിഗിരി പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനം ഇക്കാര്യത്തിൽ സ്വയംപര്യാപ്തമാകുമെന്നാണു പ്രതീക്ഷിക്കുന്നതു.

മി. സ്പീക്കർ: 21-ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ഇലക്ട്രിസിറ്റി ബോർഡു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കുകൾ

* 494. [21] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡു അടുത്തകാലത്തു വർദ്ധിപ്പിച്ച ചാർജ്ജു നിരക്കു എത്രയാണു;

(ബി) വീട്ടാവശ്യങ്ങൾക്കും, വ്യവസായ ആവശ്യങ്ങൾക്കും നൽകുന്ന വിദ്യുച്ഛക്തിയുടെ വിലയ്ക്കു ഇപ്പോൾ എന്തു വ്യത്യാസമുണ്ടു:

LIBRARY ARCHIVES Kerala Legislative Assembly

(സി) മീറർമിനിമം, റിപ്പെയേഴ്സ് ഇവ എത്ര തോതിലാണ് ഇപ്പോൾ ഈടാക്കിവരുന്നത്:

(ഡി) ജലസേചനത്തിനുള്ള മോട്ടാറുകൾക്കു നൽകുന്ന വിദ്യുച്ഛക്തിയുടെ ചാർജ്ജുനിരക്ക് ഇപ്പോൾ എത്രയാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1958—ൽ ഇലക്ട്രിസിറ്റിബോർഡ് ഏകീകൃതമായ നിരക്കുകൾ നിശ്ചയിച്ചു. 1963—ൽ ഈ നിരക്കുകളിൽ ചില ഭേദഗതികൾ വരുത്തി. 1958—ൽ നിശ്ചയിച്ച നിരക്കും 1963—ൽ വരുത്തിയ ഭേദഗതികളും കാണിക്കുന്ന വിജ്ഞാപനങ്ങളുടെ † പകർപ്പുകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) വീട്ടാവശ്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും നൽകുന്ന വിദ്യുച്ഛക്തിയുടെ വിലനിരക്കു കാണിക്കുന്ന † സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) എൽ. റിയും 11 കെ. വി.യും ഉപഭോക്താക്കളിൽ നിന്നു (വീട്ടാവശ്യങ്ങൾക്കുൾപ്പെടെ) മാസംതോറും സബ്സ്റ്റേഷൻ ചാർജിനത്തിൽ 50 നയാപൈസയും മീറർ വാടകയിനത്തിൽ 50 നയാപൈസയുമാണ് ഈടാക്കിവരുന്നത്.

(ഡി) യൂണിറ്റൊന്നിനു 6 നയാപൈസയും മിനിമം ചാർജ്ജ് 5 രൂപയുമാണ്.

ശ്രീ. സി. എ. മാത്യു: മദ്രാസിനോട് ആവശ്യപ്പെട്ടിട്ട് ഈ വർഷം നമുക്ക് എത്രമാത്രം ഇലക്ട്രിസിറ്റി ലഭിച്ചു?

ശ്രീ. ആർ. ശങ്കർ: ഈ വർഷം വേനൽക്കാലത്തു് ഇലക്ട്രിസിറ്റി ക്ഷാമം ഉണ്ടായപ്പോഴാണ് ആവശ്യപ്പെട്ടത്. നാം ആവശ്യപ്പെട്ടതു് കൂടുതലാണെങ്കിലും അവർ അനുവദിച്ചതു് 21000 കിലോവാട്സാണ്. അതും രാത്രി 9 മണിമുതൽ രാവിലെ 6 മണിവരെയുള്ള സമയത്തുമാത്രമാണ്.

ശ്രീ. കെ. എം. ജാർജ്ജ്: വീട്ടാവശ്യത്തിനു് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഇലക്ട്രിസിറ്റിക്കു് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ചാർജ്ജ് ഇവിടെ വസൂലാക്കുന്നു എന്നുള്ള ലോകനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതുപോലെതന്നെ വിദ്യുച്ഛക്തി ലഭിക്കുന്ന കാര്യത്തിൽ വളരെ അധികം പ്രയാസങ്ങൾ ജനങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്. ഇതും മാറ്റുന്നതിനു് ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇൻഡ്യയിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു് ഇവിടെ ചാർജ്ജ് കൂടുതലാണെന്നു പറയുന്നതു ശരിയല്ല. പിന്നെ മറ്റു പ്രയാസങ്ങൾ എന്താണെന്നു പറഞ്ഞാൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കേരളാ ഗവണ്മെന്റു് ആവശ്യപ്പെട്ടാൽ ധാരാളം ഇലക്ട്രിസിറ്റി നൽകാമെന്നു് മദ്രാസ്മന്ത്രി ശ്രീ. വെങ്കിട്ടരാമൻ പറഞ്ഞതായി ഒരു വാർത്ത കണ്ടു. അതു് ശരിയാണോ ?

ശ്രീ. ആർ. ശങ്കർ: വളരെ കാര്യമായി നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടാണ് തരാവുന്നതിന്റെ പരമാവധി ഇലക്ട്രിസിറ്റി അവർ തന്നതു്. മറിച്ചു് എന്തെങ്കിലും ഒരു മന്ത്രി പറഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: മദ്രാസിൽനിന്നും ഇലക്ട്രിസിറ്റി രാത്രിയാണ് ലഭിക്കുന്നതു്. അതുമൂലം ചെറുകിട വ്യവസായങ്ങൾക്കു് പകൽ ജോലി നടത്താൻ സാധിക്കാതെ വരുകയും രാത്രി ജോലി നടത്തിയാൽ ഓവർടൈംകൂലി കൊടുക്കേണ്ടതായി വരികയും ചെയ്യും. അതുകൊണ്ടു് ചെറുകിട വ്യവസായികളും പലരും അവരുടെ വ്യവസായങ്ങൾ പൂട്ടാൻ നിർബന്ധിതരായിത്തീരുന്നുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തു ഇവരുടെ കാര്യത്തിലെങ്കിലും പകൽ ഇലക്ട്രിസിറ്റി നൽകാൻ നടപടി സ്വീകരിക്കുമോ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: മദ്രാസിൽനിന്നു വരുന്ന ഇലക്ട്രിസിറ്റി കിട്ടാത്ത സമയത്തു് കൂടുതൽ കൊടുക്കാൻ നിവൃത്തിയില്ല. ഇപ്പോഴും കൊടുക്കാവുന്നതിന്റെ മാക്സിമം ഉൽപാദിപ്പിച്ചുകൊടുക്കുന്നുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇവിടെ ജലക്ഷാമം ഉണ്ടാകുന്ന അവസരത്തിൽ പെട്ടെന്നു വിദ്യുച്ഛക്തി കുറച്ചു് ആകെ കഴപ്പും ഉണ്ടാകുന്ന ഒരു സ്ഥിതിയുണ്ടെന്നു് അനുഭവപ്പെട്ടിട്ടുള്ള സ്ഥിതിക്കു് ഒരു ആംപ്ടർനേറ്റീവു് ആയിട്ടു് തെർമൽ പവ്വർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുദ്ദേശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇൻഡ്യാഗവണ്മെന്റു് അക്കാര്യത്തിൽ എത്ര നിലയാണു് എടുക്കുന്നതു്?

ശ്രീ. ആർ. ശങ്കർ: ഈ കാര്യം ഗവണ്മെന്റിന്റെ സജീവമായ ശ്രദ്ധയിൽ ഇതിനുമുമ്പുതന്നെ പെട്ടതാണു്. ഇവിടെ ഇലക്ട്രിസിറ്റി വേനൽ കാലത്തു് ആവശ്യത്തിനു് ഉണ്ടാകുന്നില്ലെന്നുള്ളതുകൊണ്ടുമാത്രമല്ല, എന്തെങ്കിലും പെട്ടെന്നു് ഒരു ബ്രേക്കു്ഡൗൺ ഉണ്ടായാൽ ആ സമയത്തുപയോഗിക്കുന്നതിനു് സ്റ്റാൻഡു്ബൈ തെർമൽ യൂണിറ്റു് അനുവദിക്കണമെന്നുള്ള തത്വം ഇൻഡ്യാഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു്. പക്ഷേ രണ്ടു കാരണങ്ങളാൽ ഇതിനു കുറെ പ്രയാസങ്ങളുണ്ടു്. വെളിയിൽനിന്നും ഈ യന്ത്രങ്ങളും വരുത്തുന്നതിനാവശ്യമായ വിദേശനാണ്യം നൽകുന്നതിനു് ഇൻഡ്യാഗവണ്മെന്റിനു് പ്രയാസമുണ്ടു്. പിന്നെ ഇങ്ങനെയുള്ള തെർമൽ സ്റ്റേഷൻ ഉണ്ടാക്കാൻ പരിശ്രമിച്ചാലും രണ്ടുമൂന്നുകൊല്ലം കൊണ്ടേ അതു പൂർത്തിയാവുകയുള്ളു. അവയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റിയുടെ വിലയും വളരെ കൂടുതലായിരിക്കും. അതുകൊണ്ടു് അത്രയുംകാലം നാം പരിശ്രമിച്ചാൽ, പമ്പാ പദ്ധതിയിൽനിന്നും ആവശ്യമുള്ള പൗവ്വർ ഉൽപാദിപ്പിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടു് അതിലേക്കു ശ്രദ്ധ പതിപ്പിക്കണമെന്നുള്ള തീരുമാനമാണു് ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടാണു് ഇപ്പോൾ തെർമൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനു് മുൻകൈ എടുത്തു പ്രവർത്തിക്കാത്തതു്. നമ്മുടെ ഓയിൽ റിഫൈനറിയുടെ പ്രവർത്തനം പുരോഗമിച്ചുകഴിഞ്ഞാൽ അതിൽനിന്നും ഉണ്ടാകാവുന്ന ഗ്യാസു് ഉപയോഗിച്ചു് താരതമ്യേന കുറഞ്ഞ വിലയ്ക്കു് തെർമൽ ഇലക്ട്രിസിറ്റി ഉണ്ടാക്കാൻ സാധിക്കും. അങ്ങനെ അതു നടപ്പിൽവരുത്താൻ കഴിയും.

ശ്രീ. എം. കൃഷ്ണൻ: മലബാർഭാഗത്തു് മുഴുവൻ മീറ്റർവിലയും വാങ്ങിയാണു് മദ്രാസു് ഗവണ്മെന്റു് മീറ്റർ കൊടുത്തിട്ടുള്ളതു്. അങ്ങനെയുള്ള മീറ്ററിനു് റെന്റു് വസൂലാക്കുന്ന സമ്പ്രദായം നിറുത്തുന്നതിനു് നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: യന്ത്രോപകരണങ്ങളും ഉണ്ടാക്കുന്നതിനുള്ള ചെറുകിട വ്യവസായശാലകളും പലതും ഈ രാജ്യത്തുണ്ടു്. അവർക്കു് ആവശ്യത്തിനു് ഇലക്ട്രിസിറ്റി കിട്ടാത്തതുകൊണ്ടു് വ്യവസായശാലകളും നിറുത്തേണ്ടി വന്നിട്ടുണ്ടെന്നു് എനിക്കറിയാം. ആ വിവരം ഗവണ്മെന്റിനു് അറിയാമോ? അറിയാമെങ്കിൽ അതിനു് എന്തെങ്കിലും പ്രതിവിധി ചെയ്യാൻ കഴിയുമോ?

ശ്രീ. ആർ. ശങ്കർ: അടിയന്തിരമായി യന്ത്രോപകരണങ്ങളും ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കു് ഗവണ്മെന്റു് പ്രത്യേക സൗജന്യം നൽകിയിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്: ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കു് വിദേശസഹായം കിട്ടുന്ന കാര്യം ഉറപ്പായി എന്നു പറഞ്ഞിട്ടുണ്ടു്. അതു കിട്ടിക്കഴിഞ്ഞോ?

ശ്രീ. ആർ. ശങ്കർ: ഔപചാരികമായി കിട്ടിക്കഴിഞ്ഞു എന്നു പറയാൻ നിവൃത്തിയില്ലെങ്കിലും കിട്ടുന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ലാത്ത അവസ്ഥയിൽ എത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ദീർഘകാലത്തിൽ അനുഭവം ലഭിക്കുന്നവൻകിട പദ്ധതികളും എത്രതന്നെ പ്രധാനപ്പെട്ടതാണെങ്കിലും കേരളത്തിലെ ഇന്നത്തെ വിദ്യുച്ഛക്തിയുടെ അടിയന്തിരമായ ആവശ്യത്തെ മുൻനിറുത്തി ചുരുങ്ങിയ കാലഘട്ടത്തിൽ ഉൽപ്പാദനം ആരംഭിക്കാവുന്ന ചെറുകിട പദ്ധതികൾക്ക് ഏറ്റവും വലിയ മുൻഗണന കൊടുക്കണമെന്നു വിദഗ്ദ്ധന്മാർ പറഞ്ഞിട്ടുള്ളപ്പോൾ കുറിയാടി പദ്ധതിയുടെ ഇന്നത്തെ അലസമായ ഗമനം കാണുമ്പോൾ ഉദ്ദേശിച്ചുമാതിരി മൂന്നാം പദ്ധതിക്കാലത്തു് അതിൽനിന്നു് ഉൽപ്പാദനം ലഭിക്കുമെന്നു തോന്നുന്നില്ല. ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു് ഉദ്ദേശത്തിനനുസരിച്ചു് പ്രവർത്തിപ്പിക്കാനുള്ള നടപടികളും ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ : കുറിയാടി പദ്ധതി ത്വരിതപ്പെടുത്തിവരികയാണു്. മൂന്നാം പദ്ധതിക്കാലത്തുതന്നെ അഞ്ചിടനിന്നും പൗവ്വർ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. സി. ജി. ജനാർദ്ദനൻ : 26 ലക്ഷം യൂണിറ്റു് പ്രതിദിനം ആവശ്യമുണ്ടെന്നും പമ്പാ പദ്ധതി പൂർത്തിയായാൽ നമ്മുടെ ആവശ്യത്തിനു മതിയാകുമെന്നും പറഞ്ഞതു് ഇപ്പോഴത്തെ കണക്കുവച്ചാണോ അതോ ഭാവിയിൽ ഇവിടെ വ്യവസായസംബന്ധമായും മറ്റും ഉണ്ടാകുന്ന പുരോഗതിയേക്കൂടി കണക്കിലെടുത്തുകൊണ്ടാണോ ? എല്ലാ കാലഘട്ടത്തിലും പൗവ്വർകട്ടു് വേണ്ടിവരുന്നതുകൊണ്ടു് ഒരു ശാശ്വതമായ പരിഹാരം മുന്നിൽ കണ്ടുകൊണ്ടാണോ ഗവണ്മെൻറിന്റെ പ്ലാൻ എന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ : പമ്പാ പദ്ധതിയിൽനിന്നു് ഉൽപ്പാദിപ്പിക്കാവുന്ന പൗവ്വർ എത്രയാണെന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. 3 ലക്ഷം കിലോവാട്സു് ഉൽപ്പാദനശക്തി അതിനുണ്ടായിരിക്കും. ഇന്നു് ഈ സംസ്ഥാനത്തു് ആകമാനം ഉൽപ്പാദിപ്പിക്കുന്നതു് 2 ലക്ഷത്തിനുതാഴെ ഉൽപ്പാദനശക്തിയുള്ള യൂണിറ്റുകളിൽനിന്നാണു്, അതുകൊണ്ടു് പൗവ്വർ വളരെ കൂടുതൽ കിട്ടുമെന്നുള്ളതിനു സംശയമില്ല. ഇന്നത്തെ ആവശ്യം മാത്രമല്ല, സാധാരണ ഗതിയിൽ വർദ്ധിച്ചുവരാവുന്ന ആവശ്യംകൂടി കണക്കാക്കിയാണു് പമ്പാപദ്ധതി പൂർത്തിയായാൽ വിഷമമുണ്ടാവുകയില്ലെന്നു പറയുന്നതു്. പക്ഷേ സകലതും നേരത്തെ കാണുക പ്രയാസമായതുകൊണ്ടു പമ്പാ പദ്ധതി അവസാനിച്ചാൽ നിശ്ചയമായും ഇലക്ട്രിസിറ്റിയുടെ കുറവു വരികയില്ലെന്നു വാഗ്ദാനം ചെയ്യുക വിഷമമാണു്. വിശേഷിച്ചും അസാധാരണമായ രീതിയിൽ മഴക്കുറവു വന്നാൽ ഹൈഡ്രോഇലക്ട്രിക് പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന പൗവ്വർ കിട്ടുകയില്ലെന്നു നമുക്കറിയാം. അതുകൊണ്ടാണു് ഇടുക്കിപദ്ധതി നടപ്പിൽ വരുത്താനുള്ള നടപടിയെടുക്കാൻ ഗവണ്മെൻറു മുതിരുന്നതു്.

ഓലയുടെ വിലക്കുറ്റതൽ

* 495. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഓലയുടെ അമിതമായ വിലക്കുറ്റതൽകാരണം പാവപ്പെട്ടവർക്കു വീടു് ഓലമേയുന്നതിനു ബുദ്ധിമുട്ടു നേരിടുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ വിലക്കുറ്റതൽ തടയുന്നതിനായി കേരളത്തിൽനിന്നും പുറത്തേക്കു് ഓല അയയ്ക്കുന്നതു നിയന്ത്രിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly